©
**കേരള സർക്കാർ**
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 11**<br>Vol. XI | **തിരുവനന്തപുരം, ചൊവ്വ**<br>Thiruvananthapuram, Tuesday | **2022 ഡിസംബർ 13**<br>13th December 2022<br>**1198 വൃശ്ചികം 27**<br>27th Vrischikam 1198<br>**1944 അഗ്രഹായനം 22**<br>22nd Agrahayana 1944 | **നമ്പർ**<br>No. **4247** |


### കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

### നോട്ടീസ്

ഫാറം–VI

[ചട്ടം 22(2) കാണുക]

[2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്ട് (2016–ലെ 9) 36–ാം വകുപ്പ് 8–ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്]

റഫ. നമ്പർ തസ്വഭവ–ആർ.ഡി2/11/2022–തസ്വഭവ. തീയതി, *തിരുവനന്തപുരം, 2022, ഡിസംബർ 12.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ ചാവക്കാട് മുനിസിപ്പൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൗൺസിൽ തയ്യാറാക്കിച്ച മാസ്റ്റർപ്ലാൻ 2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റിലെ (2016 –ലെ 9) 36–ാം വകുപ്പ് 8 -ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ)നം. 249/2022/തസ്വഭവ തീയതി 09/11/2022 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : പുന്നയൂർ ഗ്രാമപഞ്ചായത്ത്, ഗുരുവായൂർ നഗരസഭ.

കിഴക്ക് : ഗുരുവായൂർ നഗരസഭ.

തെക്ക് : ഒരുമനയൂർ ഗ്രാമപഞ്ചായത്ത്, കടപ്പുറം ഗ്രാമപഞ്ചായത്ത്.

പടിഞ്ഞാറ് : അറബിക്കടൽ.

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

എ) *അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ*

അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ബാധകമല്ല.

ബി) *പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ*

ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം ഫോർ സെൻട്രൽ ഏരിയ ചാവക്കാട്.

സി) *മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക* – ഇല്ല.

ഡി) *നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ*

കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 62(3) പ്രകാരം, അനുമതി ലഭിച്ച മാസ്റ്റർ പ്ലാനും, പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, അനുമതി ലഭിച്ച മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾക്കുമേൽ നിലനിൽക്കുന്നതാണ്.

2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റിലെ 36–ാം വകുപ്പ് 10–ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ, ചാവക്കാട് മുനിസിപ്പൽ കൗൺസിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ശാരദ മുരളീധരൻ,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2022.12.13 05:48:36 +05:30